# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ .162 — 03/10/2011 – ൽ മറുപടിയ്ക്ക്

## തടവുകാരുടെ ക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ സംവിധാനം

ചോദ്യം — ഉത്തരം

ശ്രീ.പി.സി ജോർജ് :
ശ്രീ.റോഷി അഗസ്റ്റിൻ:

ശ്രീ. ഉമ്മൻ ചാണ്ടി:
( മുഖ്യമന്ത്രി)

| | |
|---|---|
| (എ) തടവുകാരുടെ ക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിൽ എന്തു സംവിധാനമാണുള്ളത് ; വിശദാംശങ്ങൾ നൽകുമോ ; | (എ) സംസ്ഥാനത്ത് 51 ജയിലുകളാണ് ഉള്ളത്. ജയിൽ വകുപ്പിന്റെ ഭരണം ഡയറക്ടർ ജനറലിൽ നിക്ഷിപ്തമാണ്. ഭരണ സൗകര്യത്തിനായി വകുപ്പിനെ മൂന്ന് മേഖലകളായി തിരിക്കുകയും ഓരോ മേഖലയും ഓരോ ഡി.ഐ.ജി മാരുടെ നിയന്ത്രണത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. സെൻട്രൽ ജയിലുകൾ, തുറന്ന ജയിലുകൾ, ജില്ലാജയിലുകൾ, വനിതാജയിലുകൾ, സ്പെഷ്യൽ സബ്ജയിലുകൾ എന്നിവിടങ്ങളിൽ തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് മേഖലകളിലും തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ഓരോ റീജണൽ വെൽഫെയർ ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇവരെ കൂടാതെ വെൽഫെയർ ഓഫീസർമാരുടെ പ്രവർത്തനങ്ങളും തടവുകാരുടെ ക്ഷേമകാര്യങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ജയിൽ ആസ്ഥാനത്ത് ചീഫ് വെൽഫെയർ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. ജയിൽ വകുപ്പ് അദ്ധ്യക്ഷനും ഡി.ഐ.ജിമാരും ചീഫ് വെൽഫെയർ ഓഫീസറും ജയിലുകൾ സന്ദർശിക്കുകയും ക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും നിർദ്ദേശങ്ങൾ നൽകുയും ചെയ്യാറുണ്ട്. കൂടാതെ സാമൂഹ്യക്ഷേമവകുപ്പ് |

| | |
|---|---|
| | മുഖാന്തിരം നിർദ്ധനരായ തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതിയും ഏഴ് വർഷത്തിന്മേൽ ശിക്ഷിക്കപ്പെട്ട് തടവ്ശിക്ഷ അനുഭവിച്ച് വരുന്നവരുടെ ആശ്രിതർക്ക് സ്വയം തൊഴിൽ പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. |
| (ബി) നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഇല്ല. |
| (സി) കേരളത്തിലെ മുഴുവൻ ജയിലുകളിലുമുള്ള തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഊർജ്ജിതപ്പെടുത്താനും ഉതകുന്നതരത്തിൽ സത്വരനടപടികൾ സ്വീകരിയ്ക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ